"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - പാലക്കാട് ജില്ലയിലെ മരുതറോഡ് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് (ഗ്രേഡ് II) ശ്രീമതി ആര്യ കെ. - യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.226/2026/AYUSH തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:-

1. ശ്രീമതി ആര്യ കെ സമർപ്പിച്ച 02/06/2025-ലെ അവധി അപേക്ഷ
2. ഹോമിയോപ്പതി വകുപ്പ് വകുപ്പ് മേധാവിയുടെ 22/09/2025, 01/01/2026 തീയതികളിലെ DHTVM/1361/2025-EA5 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ മരുതറോഡ് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് (ഗ്രേഡ് II) ശ്രീമതി ആര്യ കെ. - യ്ക്ക്, ടിയാളുടെ കുഞ്ഞിനെ പരിചരിക്കുന്നതിനായി 16/06/2025 മുതൽ 15/06/2026 വരെ 365 ദിവസം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ടിയാൾ സമർപ്പിച്ച അവധി അപേക്ഷയും, അവധി എടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കി കൊണ്ടുള്ള ടിയാളുടെ കത്തും പരാമർശം (2) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി ശിപാർശ ചെയ്ത് മേൽ നടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം (2) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും വസ്തുതകളുടേയും അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ മരുതറോഡ് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് (ഗ്രേഡ് II) ശ്രീമതി ആര്യ കെ. - യ്ക്ക്, ടിയാളുടെ കുഞ്ഞിനെ പരിചരിക്കുന്നതിനായി 16/06/2025 മുതൽ 15/06/2026 വരെ 365 ദിവസത്തേക്ക്, ഈ അവധി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കപ്പെടുന്നതല്ല എന്ന വ്യവസ്ഥയിൽ Kerala Service Rules ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച്

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1) ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം

2) ശ്രീമതി ആര്യ കെ, സർക്കാർ ഹോമിയോ ഡിസ്പെൻസറി, മരുതറോഡ്, പാലക്കാട്

(ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖേന)

3) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), പാലക്കാട്

4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരളം,
തിരുവനന്തപുരം

5) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

6) കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (AYU-C2/157/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Pradeep R S
Date: 16-04-2026 13:01:16

സെക്ഷൻ ഓഫീസർ